**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:08.10.2026**

## പ്രധാനവാർത്തകൾ

1.) 57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിൽ ന്യൂഡൽഹിയിൽ ചേർന്നു. ജി.എസ്.ടി ഉദ്യോഗസ്ഥർക്കുണ്ടായിരുന്ന അറസ്റ്റ് ചെയ്യാനുള്ള അധികാരം ഒഴിവാക്കി ജി.എസ്.ടി കൗൺസിൽ.

2.) സ്വായുടെ മറവിൽ നടക്കുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ സംസ്ഥാനത്ത് ശക്തമായ പോലീസ് നടപടി കൈക്കൊള്ളുമെന്ന് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല.

3.) കാരുണ്യ ആരോഗ്യ പദ്ധതികൾക്കായി 600 കോടി രൂപയുടെ അധിക ഫണ്ട് അനുവദിച്ച് സംസ്ഥാന സർക്കാർ.

4.) സാഹിത്യത്തിനുള്ള 2026 ലെ നൊബേൽ പുരസ്കാരം കനേഡിയൻ എഴുത്തുകാരി ആൻ കാഴ്സന്.

5.) സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴ തുടരും. 7 ജില്ലകളിൽ ഇന്ന് മഞ്ഞജാഗ്രത. തിരുവനന്തപുരം ജില്ലയിലെ തീരങ്ങളിൽ കടലാക്രമണത്തിന് സാധ്യത.

6.) ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടി 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ.

PNU TVPM

*************************

## ജി.എസ്.ടി (ഇൻട്രോ)

57-ാമത് ജി.എസ്.ടി കൗൺസിൽ യോഗം ധനമന്ത്രി നിർമല സീതാരാമൻറെ അധ്യക്ഷതയിൽ ഇന്ന് ന്യൂഡൽഹിയിൽ ചേർന്നു. ജി.എസ്.ടി നിരക്കുകളിൽ യാതൊരു മാറ്റവും വരുത്തിയിട്ടില്ലെന്ന് ധനമന്ത്രി യോഗശേഷം മാധ്യമങ്ങളോട് പറഞ്ഞു. ജി.എസ്.ടി ഉദ്യോഗസ്ഥർക്കുണ്ടായിരുന്ന അറസ്റ്റ് ചെയ്യാനുള്ള അധികാരം ഒഴിവാക്കാൻ ജിഎസ്ടി കൗൺസിൽ ശുപാർശ ചെയ്തതായും ശ്രീമതി നിർമല സീതാരാമൻ അറിയിച്ചു. പ്രോസിക്യൂഷൻ നടപടികൾക്കുള്ള തുകയുടെ പരിധി 1 കോടി രൂപയിൽ നിന്ന് 5 കോടിയായും ഉയർത്തി. വൈകി റിട്ടേൺ സമർപ്പിക്കൽ, തെറ്റായ വിവരങ്ങൾ നൽകൽ, നികുതി കുടിശ്ശിക വരുത്തൽ എന്നിവയ്ക്ക് ഇനി മുതൽ റിക്കവറി നടപടികളും പലിശയും ആനുപാതികമായ പിഴയും മാത്രമായിരിക്കും ഈടാക്കുക. 10,000 രൂപയോ അതിൽ കുറവോ തുകയുള്ള വിഷയങ്ങളിൽ ഇനി മുതൽ നികുതിദായകർക്ക് നോട്ടീസ് അയക്കില്ലെന്നും ധനമന്ത്രി വ്യക്തമാക്കി.
(ഹോൾഡ് വോയ്സ്)

RNU TVPM

************************

## രമേശ് ചെന്നിത്തല

സ്പായുടെ മറവിലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ നടപടികൾ ഉണ്ടാകുമെന്നും ഇതിനായി ഡി.ജി.പിയെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല. സ്പായുടെ മറവിൽ തട്ടിപ്പുകളും ലൈംഗികാതിക്രമങ്ങളും ആളുകളെ ഭീഷണിപ്പെടുത്തുന്ന സംഭവങ്ങളും ഉണ്ടാവുന്നതായി പരാതി ലഭിക്കുന്നുണ്ടെന്നും ഇത്തരം കാര്യങ്ങൾ അംഗീകരിക്കാനാവില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

************************

## കാരുണ്യ ആരോഗ്യ പദ്ധതി

കാരുണ്യ ആരോഗ്യ പദ്ധതികൾക്കായി 600 കോടി രൂപയുടെ അധിക ഫണ്ട് അനുവദിച്ച് സംസ്ഥാന സർക്കാർ. ക്ലെയിമുകൾ തീർപ്പാക്കുന്നതിന് 307 കോടി രൂപയും കാരുണ്യ ബെനവലന്റ് ഫണ്ടിന് 293 കോടിയുമാണ് അനുവദിച്ചത്. പദ്ധതിക്ക് വകയിരുത്തിയ 592 കോടിരൂപയുടെ ബജറ്റ് വിഹിതത്തിന് പുറമെയാണ് അധിക തുക.

************************

## വ്യോമസേനാ ദിനാഘോഷം

94-ാമത് ഇന്ത്യൻ വ്യോമസേനാ ദിനത്തിൽ ആശംസകൾ നേർന്ന് രാഷ്ട്രപതിയും പ്രധാനമന്ത്രിയും ഉൾപ്പെടെ പ്രമുഖർ. രാജ്യത്തിന് മാതൃകാപരമായ സേവനം നൽകുന്ന വ്യോമസേനയുടെ ധീരതയും കൃത്യതയാർന്ന പ്രവർത്തന ശേഷിയും ഓപ്പറേഷൻ സിന്ദൂറിൽ ഉൾപ്പെടെ വ്യക്തമായിരുന്നതായി രാഷ്ട്രപതി ദ്രൗപദി മുർമു ആശംസാ സന്ദേശത്തിൽ കുറിച്ചു. ഇന്ത്യൻ വ്യോമസേനയുടെ കരുത്തും ധീരതയും ജനങ്ങളിൽ സുരക്ഷിതത്വബോധം വളർത്തുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

RNU TVPM

************************

## എൻറോൾമെന്റ് ഡ്രൈവ്

വോട്ടർ പട്ടികയിൽ പേരു ചേർക്കുന്നതിനും, തെറ്റുതിരുത്തുന്നതിനുമായി സംസ്ഥാന വ്യാപകമായി പ്രത്യേക എൻറോൾമെന്റ് ഡ്രൈവ് സംഘടിപ്പിക്കും. ഈ മാസം 15 മുതൽ 31 വരെ വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് പ്രത്യേക ഡിജിറ്റൽ ഹെൽപ് ഡെസ്കുകൾ ഇതിനായി പ്രവർത്തിക്കും. മുൻപ് നിലവിലുണ്ടായിരുന്ന അധിക ഡിക്ലറേഷൻ ഒഴിവാക്കിയതിനാൽ അപേക്ഷകർ ഫോറം 6 മാത്രം സിറ്റിസൺ സർവീസ് പോർട്ടൽ അല്ലെങ്കിൽ വോട്ടർ ഹെൽപ്ലൈൻ ആപ്പ് വഴി സമർപ്പിച്ചാൽ

മതിയാകും. തുടർപരിശോധനകൾക്കായി ബൂത്ത് ലെവൽ ഓഫീസർമാർ വീടുകളിലെത്തും.

************************

## മന്ത്രി കെ എം ഷാജി

ശബരിമല മണ്ഡല–മകരവിളക്ക് തീർത്ഥാടന കാലത്ത് ഭക്തർക്ക് സുഗമവും സുരക്ഷിതവുമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പും ജില്ലാ ഭരണകൂടങ്ങളും പൂർണ്ണ സജ്ജമാണെന്ന് മന്ത്രി കെ എം ഷാജി . തീർഥാടന മുന്നൊരുക്കം വിലയിരുത്തുന്നതിനായി തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും വകുപ്പ് മേധാവികളെയും ഉൾപ്പെടുത്തി നടത്തിയ അവലോകന യോഗത്തിന് അധ്യക്ഷത വഹിക്കുകയായിരുന്നു മന്ത്രി.

************************

## നോബേൽ

സാഹിത്യത്തിനുള്ള 2026 ലെ നൊബേൽ പുരസ്കാരം കനേഡിയൻ എഴുത്തുകാരി ആൻ കാഴ്സൻ. ക്ലാസ്സിക്കൽ സാഹിത്യ രീതിയും, സമകാലിക ശൈലിയും കൂട്ടിയിണക്കിയ ശക്തമായ രചനാ രീതിയാണ് പുരസ്കാരം നേടിക്കൊടുത്തത്. കവി, വിവർത്തക എന്നീ നിലകളിൽ ഏറെ ശ്രദ്ധേയയാണ് 76 കാരിയായ ആൻ കാഴ്സൻ

************************

## നാരി ശക്തി വന്ദൻ അധിനിയം

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. 2023 ൽ പാർലമെൻറ് പാസ്സാക്കിയ നാരി ശക്തി വന്ദൻ അധിനിയത്തെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്. ഫെഡറൽ സംവിധാനത്തിൻറെ എല്ലാ തലങ്ങളിലും സ്ത്രീകളുടെ തുല്യമായ പ്രാതിനിധ്യം ഉറപ്പാക്കാനാണ് നാരി ശക്തി വന്ദൻ

RNUTVPM

അധിനിയമത്തിലൂടെ ലക്ഷ്യമിടുന്നത്. ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും 33 ശതമാനം സീറ്റുകൾ സ്ത്രീകൾക്കായി സംവരണം ചെയ്യാൻ ഇതിൽ വ്യവസ്ഥ ചെയ്യുന്നു. രാജ്യത്തെ വനിതകളെ ശാക്തീകരിക്കുന്നതിൽ നിർണ്ണായകമായ ചുവടുവയ്പ്പ് കൂടിയാണിത്.

************************

## കേരള-നിയമസഭ

പതിനാറാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനം ഈ മാസം 12 മുതൽ 29 വരെ നടക്കും. ഒൻപത് ദിവസമാണ് സമ്മേളന കാലയളവിൽ സഭ ചേരുക.

************************

## നവരാത്രി ആഘോഷം (ഇൻട്രോ)

തിരുവനന്തപുരത്തെ നവരാത്രി ആഘോഷങ്ങൾക്ക് മുന്നോടിയായി ശുചീന്ദ്രത്ത് നിന്ന് പുറപ്പെട്ട മുന്നൂറ്റിനങ്ക വിഗ്രഹ എഴുന്നള്ളത്ത് നാളെ പദ്മനാഭപുരത്ത് എത്തും. കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട്.
(വോയ്സ്)

RNUTVPM

************************

## നാട്ടിക ടോൾ

ദേശീയപാത 66-ലെ നാട്ടിക ടോൾ പിരിവ് താൽക്കാലികമായി നിർത്തിവെക്കാൻ നിർദേശം നൽകി പൊതുമരാമത്ത് മന്ത്രി പി. കെ. ബഷീർ . കൊടുങ്ങല്ലൂർകപ്രിക്കാട് ഭാഗത്തെ നിർമാണപ്രവർത്തനങ്ങൾ പൂർത്തിയാകാത്ത സാഹചര്യത്തിൽ ടോൾ പിരിവ് ആരംഭിച്ചാൽ പ്രദേശത്ത് ഗതാഗതക്കുരുക്കിന് സാധ്യതയുണ്ടെന്ന ജില്ലാ കലക്ടറുടെയും പോലീസിന്റെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നടപടി.

************************

## ഇടുക്കി (ഇൻട്രോ)

ഇടുക്കി ജില്ലയിൽ പ്രാദേശികമായി സംരക്ഷണ പ്രാധാന്യമുള്ള അപൂർവ സസ്യ-ജന്തു വർഗങ്ങളെ ഉൾപ്പെടുത്തി ജില്ലാ സ്പീഷിസ് പ്രഖ്യാപനം നടത്തി.
കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(വോയ്സ്)

************************

## കാലാവസ്ഥ

സംസ്ഥാനത്ത് വരുംദിവസങ്ങളിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് ഏഴ് ജില്ലകളിലും നാളെ ഒൻപത് ജില്ലകളിലും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം ജില്ലയിലെ കാപ്പിൽ മുതൽ പൊഴിയൂർ വരെയുള്ള തീരങ്ങളിൽ നാളെ രാത്രി 11.30 വരെ കടലാക്രമണത്തിന് സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികൾ ജാഗ്രത പാലിക്കണം.

************************

## ടി 20

ഇന്ത്യ - വെസ്റ്റ് ഇൻഡീസ് ടി 20 പരമ്പരയിലെ രണ്ടാം മത്സരം നാളെ. റാഞ്ചിയിൽ വൈകിട്ട് 7 മണിക്കാണ് കളി ആരംഭിക്കുക. 5 മത്സരങ്ങളുള്ള പരമ്പരയിൽ ഇന്ത്യ 1-0 ന് മുന്നിലാണ്.

************************

## സൂപ്പർ ലീഗ് കേരള

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ നിലവിലെ ജേതാക്കളായ കണ്ണൂർ വാരിയേഴ്സും, ഫോഴ്സ കൊച്ചിയും നാളെ കണ്ണൂരിൽ ഏറ്റുമുട്ടും. രാത്രി 7 30 മുതൽ കണ്ണൂർ ജവഹർ സ്റ്റേഡിയത്തിലാണ് മത്സരം

************************

RNUTVPM

## ഓഹരി സ്വർണ്ണം

രാജ്യത്തെ ഓഹരിവിപണികളിൽ കനത്ത ഇടിവ്. സെൻസെക്സ് 1,045 പോയിൻറും നിഫ്റ്റി 371 പോയിൻറും നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു.

സ്വർണവിലയിൽ മാറ്റമില്ല . പവന് ഒരു ലക്ഷത്തി ഒൻപതിനായിരത്തി 680 രൂപയും ഗ്രാമിന് 13,710 രൂപയുമാണ് ഇന്നത്തെ വില .

************************

## പിണറായി വിജയന്റെ പ്രസ്താവന

തിരുവനന്തപുരം ചിറയിൻകീഴിൽ സജി എന്ന യുവാവിനെ പൊലീസുകാർ മൃഗീയമായി മർദ്ദിച്ചു കൊന്ന സംഭവം നാടിൻറെ മനസ്സാക്ഷിയെ ഉലച്ചിരിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ. ക്രമസമാധാന പാലനം നടത്തേണ്ട പൊലീസ് തന്നെ കൊലയാളികളായി മാറുന്ന കാഴ്ചയാണ് യുഡിഎഫ് ഭരണത്തിന് കീഴിൽ സംസ്ഥാനത്ത് അരങ്ങേറുന്നതെന്നും പ്രതിപക്ഷനേതാവ് വിമർശനമുയർത്തി.

RNU TVPM

************************

## എം ടി രമേശ്

സംസ്ഥാന സർക്കാരിനെതിരെ ബി ജെ പിയുടെ നേതൃത്വത്തിൽ ബഹുജന പ്രതിഷേധങ്ങൾ സംഘടിപ്പിക്കുമെന്ന് പാർട്ടി നേതൃത്വം. എൽ ഡി എഫ് സർക്കാരിന്റെ ആവർത്തനം തന്നെയാണ് യുഡിഎഫ് സർക്കാരെന്നും തിരുവനന്തപുരത്ത് ചേർന്ന നേതൃയോഗങ്ങൾക്ക് ശേഷം പാർട്ടി ജനറൽ സെക്രട്ടറിമാരായ എം ടി രമേശ്, എസ് സുരേഷ്, ശോഭ സുരേന്ദ്രൻ എന്നിവർ വാർത്താസമ്മേളനത്തിൽ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദി ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കതുമായി ബന്ധപ്പെട്ട സേവാ ജ്യോതി യാത്ര കേരളത്തിൽ മികച്ച രീതിയിൽ സംഘടിപ്പിച്ചതായും േശ്രീ എം ടി രമേശ് വ്യക്തമാക്കി.

************************

## വിജി പ്രഭാകരൻ -കൂറുമാറ്റം -

പായിപ്ര ഗ്രാമപഞ്ചായത്ത് അംഗം വിജി പ്രഭാകരനെ കൂറുമാറ്റ നിരോധന നിയമപ്രകാരം അയോഗ്യയാക്കി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ. ഗ്രാമപഞ്ചായത്ത് അംഗമായി തുടരുന്നതിനും, ആറു വർഷത്തേക്ക് തദ്ദേശ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനും വിലക്ക് ബാധകമാകും.

************************

****************

*****

RNU TVPM